**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **108**

**02.03.2020 ൽ മറുപടിയ്ക്ക്**

## നീതി നിർവ്വഹണത്തിന് ഡിജിറ്റൽ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കുറ്റം ചെയ്യുന്നവർക്ക് വേഗത്തിൽ ശിക്ഷ ഉറപ്പാക്കുന്നതിനും നീതി നടപ്പിലാക്കുന്നത് അനന്തമായി നീളുന്നത് ഒഴിവാക്കുന്നതിനുമായി ജൂഡീഷ്യറി, പോലീസ്, ജയിൽ, ഫോറൻസിക് വിഭാഗം എന്നിവ തമ്മിൽ ഡിജിറ്റൽ ശൃംഖല വഴി കോർത്തിണക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) നീതിന്യായ നിർവ്വഹണ സംവിധാന ത്തിലെ പ്രധാനപ്പെട്ട ഘടകങ്ങളായ പോലീസ്, കോടതി, ജയിൽ, ഫോറൻസിക് വിഭാഗം എന്നിവയെ തമ്മിൽ ഡിജിറ്റൽ ശൃംഖല വഴി കോർത്തിണക്കിക്കൊണ്ട് ഇന്റർ ഓപ്പറബിൾ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം (ICJS) എന്ന സംവിധാനം മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് വിഭാവനം ചെയ്ത് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നുണ്ട്. പൂർണ്ണമായ തോതിൽ ഈ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി ജൂഡീഷ്യറി, പോലീസ്, ജയിൽ, ഫോറൻസിക് വിഭാഗങ്ങൾ തമ്മിൽ ഡിജിറ്റൽ ശൃംഖല വഴി വിവര കൈമാറ്റം നടക്കുമെന്ന് MHA അറിയിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനായുള്ള ഡിജിറ്റൽ സംവിധാനം ഒരുക്കുന്നത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്താമോ; | (ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ (MHA) മേൽ നോട്ടത്തിൽ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) ആണ് രാജ്യവ്യാപകമായി ഈ സംവിധാനം നടപ്പിലാക്കുന്നത്. |
| (സി) ദേശീയ തലത്തിലുള്ള പോലീസിന്റെ ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ഡേറ്റാ ബേസിലേക്ക് ഈ സംവിധാനത്തെ ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) ദേശീയ തലത്തിലുള്ള പോലീസിന്റെ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് (CCTNS) ഡേറ്റാ ബേസ് കൈകാര്യം ചെയ്യുന്നത് NCRB/MHA ആണ്. |

സെക്ഷൻ ഓഫീസർ